**KERALA GRAMIN BANK**
Head Office, A K Road, Malappuram

**Tender No. 07/2024** **29.08.2024**

**ടെൻഡർ അറിയിപ്പ്**

കേരള ഗ്രാമീൺ ബാങ്ക് പഴയതും ഉപയോഗശൂന്യവുമായ രേഖകൾ നിലവിലുള്ള സ്ഥിതിയിൽ ഏറ്റെടുത്ത് നശിപ്പിക്കുന്നതിനായി, നിലവിൽ ബാങ്കുകളുമായി ബന്ധപ്പെട്ട രേഖകൾ യഥാവിധി നശിപ്പിച്ച പരിചയമുള്ള സ്ഥാപനങ്ങൾ / വ്യക്തികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നു.

1. **പ്രവർത്തന പരിധി:**

- പഴയതും ഉപയോഗശൂന്യവുമായ രേഖകൾ നശിപ്പിക്കൽ.
- രേഖകൾ കേരള ഗ്രാമീൺ ബാങ്ക്, ഹെഡ്ഓഫിസിൽ **നിലവിലുള്ള സ്ഥിതിയിൽ** ലഭ്യമാണ്.
- ടെണ്ടറിൽ വിജയിയാകുന്ന ബിഡ്ഡർ, മുഴുവൻ രേഖകളും സുരക്ഷിതമായി നശിപ്പിക്കുന്നതിന് ഉത്തരവാദിയായിരിക്കണം.

2. **അർഹതാ മാനദണ്ഡം:**

- ബിഡ്ഡർക്ക് പഴയ രേഖകൾ, പ്രത്യേകിച്ച് ബാങ്കിംഗ് സ്ഥാപനങ്ങളുടെ രേഖകൾ കൈകാര്യം ചെയ്യുകയും നശിപ്പിക്കുകയും ചെയ്ത മുൻ പരിചയം ഉണ്ടായിരിക്കണം.
- മുൻപ് പൂർത്തീകരിച്ച സമാന പ്രവർത്തനങ്ങളുടെ തെളിവുകൾ അടക്കം ചെയ്യേണ്ടതാണ് (2020 മുതൽക്കുള്ളത്)

3. **പരിശോധന:**

- താല്പര്യമുള്ളവർക്ക് 04.09.2024 ന് ഓഫീസ് സമയത്ത് കേരള ഗ്രാമീൺ ബാങ്ക്, ഹെഡ്ഓഫിസിൽ രേഖകൾ പരിശോധിക്കാവുന്നതാണ്.

4. **ക്വട്ടേഷനുകൾ സമർപ്പിക്കൽ:**

- സീൽ ചെയ്ത ക്വട്ടേഷനുകൾ മേൽപറഞ്ഞ വിലാസത്തിൽ 07.09.2024 3:30 PM നുള്ളിൽ സമർപ്പിക്കേണ്ടതാണ്.
- "**പഴയ രേഖകൾ നശിപ്പിക്കുന്നതിനുള്ള ക്വട്ടേഷൻ**" എന്ന് കവറിന് മേൽ വ്യക്തമായി എഴുതുക.

5. **നിബന്ധനകളും വ്യവസ്ഥകളും:**

- രേഖകൾ നിലവിലുള്ള സ്ഥിതിയിൽ (as is where is condition) മേൽ പറഞ്ഞ വിലാസത്തിൽ നിന്നും ഏറ്റെടുത്ത് കൊണ്ടുപോയി നശിപ്പിക്കുന്നതിനാണ് ബിഡ് സമർപ്പിക്കേണ്ടത്.
- ഇതുമായി ബന്ധപ്പെട്ട എല്ലാവിധ ചെലവുകളും (രേഖൾ തൂക്കി നോക്കുന്നത്, രേഖകൾ ബാങ്കിൽ നിന്നും കൊണ്ട് പോകുന്നത്,

കയറ്റിറക്ക് കൂലി, ഏതെങ്കിലും തരത്തിലുള്ള നികുതികൾ മുതലായവ) ബിഡ്ഡർ തന്നെ വഹിക്കേണ്ടതാണ്.

- രേഖകൾ തരംതിരിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള സ്ഥിതിയിൽ മതിപ്പ് വിലയാണ് ബിഡ് ചെയ്യേണ്ടത്
- രേഖകളുടെ അളവ് / തൂക്കം ആവശ്യമെങ്കിൽ ബിഡ്ഡർക്ക് നേരിട്ട് വിലയിരുത്താവുന്നതാണ്. പിന്നീടുള്ള തർക്കങ്ങൾ/അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.
- രേഖകൾ നീക്കം ചെയ്യുന്നതിന് മുൻപായി തുക മുഴുവനായി ബാങ്കിൽ അടച്ച് രസീതി വാങ്ങേണ്ടതാണ്
- ബിഡിനോടൊപ്പം രൂ. 10000 (പതിനായിരം രൂപ) ൻ്റെ EMD, കേരളാ ഗ്രാമീൺ ബാങ്കിൻ്റെ പേരിൽ മലപ്പുറത്ത് മാറാവുന്ന Demand Draft ആയി സമർപ്പിക്കേണ്ടതാണ്
- യോഗ്യരായ ബിഡ്ഡർമാരിൽ ഏറ്റവും കൂടുതൽ തുക ബിഡ് ചെയ്യുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ ആയിരിക്കും ബാങ്കിൻ്റെ നിബന്ധനകൾക്ക് വിധേയമായി കോൺട്രാക്ട് നൽകുന്നത്
- ബാങ്കിന് ഏത് ബിഡും കാരണം ചൂണ്ടിക്കാണിക്കാതെ സ്വീകരിക്കാനും തള്ളാനും അവകാശം ഉണ്ടാകും,
- കേരള ഗ്രാമീൺ ബാങ്കിന്റെ തീരുമാനം അന്തിമവും പങ്കെടുക്കുന്ന എല്ലാവർക്കും ബാധകവുമായിരിക്കും.
- വിജയിയായ ബിഡ്ഡർ കരാർ അനുവദിച്ചതിനുശേഷം 10 ദിവസത്തിനുള്ളിൽ നശിപ്പിക്കൽ പൂർത്തീകരിക്കണം.

### 6. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:


**Assistant General Manager, General Administration Wing, Kerala Gramin Bank, Head Office, Malappuram – 676505**

**0483 – 2734847**

**gawing.kgb@keralagbank.com**


### 7. പ്രധാന തീയതികൾ:

- ക്വട്ടേഷനുകൾ സമർപ്പിക്കാനുള്ള അവസാന തീയതി: 07.09.2024, 3:30 PM
- പരിശോധന തീയതി: 04.09.2024
- ബിഡ് തുറക്കുന്നത്: 10.09.2024 11:30 AM

**കുറിപ്പ്:** പ്രക്രിയയ്ക്കിടയിൽ ഉണ്ടാകുന്ന ഏത് വിധത്തിലുള്ള നാശനഷ്ടത്തിനും കേരള ഗ്രാമീൺ ബാങ്ക് ഉത്തരവാദിയായിരിക്കില്ല

**Assistant General Manager**